(ഡി) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റ് സെക്ഷൻ 16 റൂൾ 20 പ്രകാരം ചാർജ്/സർചാർജ് നടപടിക്ക് പുറമെ പല കേസുകളിലും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള മാനദണ്ഡം

97 [1674] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വികസന പദ്ധതി പ്രകാരം പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡം വെളിപ്പെടുത്താമോ;

(ബി) നിലവിൽ എസ്റ്റിമേറ്റ് തുകയ്ക്കതന്നെ വർക്ക് ടെണ്ടർ ചെയ്യുന്നതു മൂലം പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മിക്കതും നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പൊതുമരാമത്ത് വകുപ്പിൽ വർക്ക് ടെണ്ടറുകൾക്ക് നൽകുന്ന എസ്റ്റിമേറ്റ് എക്സസ് കേരള വികസന പദ്ധതിക്കും ബാധകമാക്കാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ നേരിട്ട് ചെയ്യുന്ന സ്കൂൾ/അംഗൻവാടി കെട്ടിടനിർമ്മാണം ഒഴികെയുള്ള മറ്റ് എല്ലാ കെട്ടിടനിർമ്മാണ പ്രവൃത്തികളും ടാറിംഗ് ഉൾപ്പെടുന്ന എല്ലാ റോഡുപണികളും ടെണ്ടർ ചെയ്യേണ്ടതാണ്. 25,00 രൂപയിൽ കുറവ് അടങ്കലുള്ളതും 75% എങ്കിലും മൺവേലയുള്ളതുമായ നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാവുന്നതാണ്. ഗുണഭോക്തൃവിഹിതം നിർബന്ധമായ ജലസേചനം, കുടിവെള്ള വിതരണം മുതലായ പ്രവൃത്തികളുടെ അടങ്കൽ 25,000 രൂപയിൽ അധികമാണെങ്കിലും പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

(ബി) കെട്ടിടങ്ങൾ, പാലങ്ങൾ, ജലവിതരണ പ്രോജക്ടുകൾ എന്നിവയൊഴികെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മറ്റ് എല്ലാ നിർമ്മാണ പ്രവൃത്തികളും എസ്റ്റിമേറ്റ് തുകയ്ക്ക് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

(സി) 1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പാലങ്ങൾ, കെട്ടിടങ്ങൾ, ജലവിതരണ പ്രോജക്ടുകൾ എന്നിവയ്ക്ക് എസ്റ്റിമേറ്റിനേക്കാൾ 7.5% ടെണ്ടർ എക്സസ് കെട്ടിടങ്ങൾക്കും പാലങ്ങൾക്കും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly